**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.582 28.09.2016 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള നഷ്ടപരിഹാരതുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി.അഗസ്റ്റിൻ<br>ശ്രീ.മോൻസ്.ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവികളുടെ ആക്രമണം മൂലം ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുന്നതിന്റെ പേരിൽ ആശ്രിതർക്കും നഷ്ടം സംഭവിച്ചവർക്കും സർക്കാർ നൽകിവരുന്ന തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) വന്യജീവി ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്ക് നൽകി വരുന്ന നഷ്ടപരിഹാരത്തുക പര്യാപ്തമാണോ എന്ന് പരിശോധിക്കുന്നതാണ്. |
| (ബി) മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിക്കുന്നവർക്കും നിലവിൽ നൽകിവരുന്ന തുക എത്രവീതമെന്ന് വ്യക്തമാക്കുമോ; | (ബി) മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്കും, അംഗവൈകല്യം സംഭവിക്കുന്നവർക്കും നിലവിൽ നൽകി വരുന്ന തുക ചുവടെ ചേർക്കുന്നു. |

| | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ |
| 2 | വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) |
| 3 | പരിക്ക് | പരമാവധി 75,000/- രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടിക വർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചികിത്സക്ക് ചെലവായ മുഴുവൻ തുകയും നൽകും) |
| 4 | മരണം | 5 ലക്ഷം രൂപ |
| 5 | വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ |

| | |
|---|---|
| (സി) വന്യജീവികളുടെ ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കും അംഗവൈകല്യം | (സി) വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിച്ച വ്യക്തികളുടെ ആശ്രിതർക്ക് നൽകുന്ന |

| | |
|---|---|
| സംഭവിക്കുന്നവർക്കും നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരതുകകൾ അപര്യാപ്തമാകയാൽ ഇതിൽ വർദ്ധനവ് വരുത്തി നടപ്പുസാമ്പത്തികവർഷം തന്നെ ഉത്തരവ് ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ? | നഷ്ടപരിഹാര തുക വർദ്ധിപ്പിക്കണമെന്ന് നിയമസഭയുടെ വിഷയനിർണ്ണയ സമിതി-X ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത്തെ റിപ്പോർട്ടിൽ 10-ാം ശുപാർശയിൽ പറഞ്ഞിട്ടുള്ളതിനാൽ ആയത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തി യുക്തമായ തീരുമാനം സ്വീകരിക്കുന്നതാണ്. |

Vatsala S.S

സെക്ഷൻ ഓഫീസർ